# Malayala Manorama
# 28 August 2018
# Kochi; Onam, Flood, Hope Alone is Strength

# പ്രതിസന്ധിയുടെ ഓണം; പ്രതീക്ഷ മാത്രം ബലം

**ഇന്നു തിരുവോണം. പ്രകൃതികോപത്തിനു മുന്നിൽ സമസ്തവും നഷ്ടപ്പെട്ടവർക്കു മാത്രമല്ല ദുരിതങ്ങൾക്കു സാക്ഷികളാകേണ്ടിവന്നവർക്കും ഇത് ആഘോഷങ്ങളില്ലാത്ത, ആർഭാടങ്ങളില്ലാത്ത ദിനം. വെറുമൊരു സാധാരണ ദിവസം പോലെ ഇത്രമാത്രം അനൗപചാരികമായി കടന്നുവന്ന തിരുവോണം സമീപകാല സ്മരണകളിൽ ഇല്ല. പ്രതിസന്ധിയുടെ ഈ ദിനങ്ങളിൽ പ്രതീക്ഷകളാണ് ജനസമൂഹത്തിന് ആത്മവിശ്വാസമേകുന്നത്. നഷ്ടത്തിന്റെ കണക്കെടുപ്പിൽ തെളിയുന്നത് ഭീമമായ തുകകളാണെങ്കിലും കൈവിട്ടുപോയതൊക്കെയും വീണ്ടെടുക്കാൻ കഴിയുമെന്ന ശുഭാപ്തിവിശ്വാസം.**

**വാസുദേവ ഭട്ടതിരി**

കൊച്ചി • പ്രളയം മൂലം സമ്പദ്‌വ്യവസ്ഥയ്ക്ക് ഏറ്റവും വലിയ തിരിച്ചടിയുണ്ടായത് എറണാകുളം ജില്ലയ്ക്ക്. വീടുകൾക്കും വിളകൾക്കും മുതൽ വ്യവസായ, വാണിജ്യ മേഖലയ്ക്കുവരെ നേരിട്ട നഷ്ടത്തിന്റെ പ്രാഥമിക കണക്കുകൾ മാത്രമാണു ലഭ്യമായിട്ടുള്ളതെങ്കിലും അതുതന്നെ ഏകദേശം 5000 കോടി രൂപയുടേതാണ്. ജില്ലയിലെ ലക്ഷക്കണക്കിനു തൊഴിലാളികൾക്കു വേതനം ഇനത്തിൽ 700 കോടി രൂപയുടെ നഷ്ടമുണ്ടായതായും കണക്കാക്കുന്നു.

റോഡുകളും പാലങ്ങളും ഉൾപ്പെടെ അടിസ്ഥാനസൗകര്യ സംവിധാനങ്ങൾക്കു വ്യാപകമായ നാശനഷ്ടമാണുണ്ടായിരിക്കുന്നത്. കനാലുകൾ, സംരക്ഷണ ഭിത്തികൾ തുടങ്ങിയവയ്ക്കുണ്ടായ നാശവും ഭീമമാണ്. എല്ലാ ഇനം നിർമിതികൾക്കും കൂടി 600 – 700 കോടി രൂപയുടെ നഷ്ടമുണ്ടെന്നാണ് അനുമാനം.

വ്യക്തിഗത ആസ്തികൾക്കു നേരിട്ട നഷ്ടം ഈ കണക്കിൽ ഉൾപ്പെടുന്നില്ലെന്നുകൂടി ഓർക്കണം.

## ആകെത്തകർന്നു കൃഷി മേഖല



ജില്ലയിലെ കാർഷിക മേഖല പാടേ തകർന്നിരിക്കുകയാണ്. പെരിയാറിന്റെയും മൂവാറ്റുപുഴയാറിന്റെയും കരകളിൽ വ്യാപിച്ചുകിടക്കുന്ന കൃഷിയിടങ്ങളിൽ പ്രളയത്തെ അതിജീവിച്ച വിളകളില്ലെന്നുതന്നെ പറയാം.

കോതമംഗലം, മൂവാറ്റുപുഴ, പിറവം, കൂത്താട്ടുകുളം, പെരുമ്പാവൂർ, അങ്കമാലി, പറവൂർ തുടങ്ങിയ വിവിധ സ്ഥലങ്ങളിലായി ഇരുന്നൂറോളം ഹെക്ടറിലെ നെൽക്കൃഷിക്കു നാശം നേരിട്ടു.

നൂറിലേറെ ഹെക്ടറിലെ കപ്പക്കൃഷി നശിച്ചു. ഇരുപതിനായിരത്തോളം റബർമരങ്ങളും ആയിരത്തോളം തെങ്ങും മൂവായിരത്തോളം അടയ്ക്കാ മരങ്ങളും കടപുഴകി.

പതിനായിരത്തിലേറെ ജാതിച്ചെടികൾക്കു നാശം നേരിട്ടപ്പോൾ ഏത്തവാഴകൾ നശിച്ചതു നാലു ലക്ഷത്തോളമാണ്. കാർഷിക മേഖലയിലെ ആകെ നഷ്ടം 100 – 120 കോടി രൂപ വരുമെന്നാണു സൂചന.

## വാണിജ്യരംഗത്ത് അവസര നഷ്ടം

വ്യാപാര മേഖലയ്ക്കുണ്ടായ നഷ്ടത്തിന്റെ ആകെത്തുകയും കോടികൾ വരും. ഏഷ്യയിലെ തന്നെ എറ്റവും വലിയ വ്യാപാര സമുച്ചയമായ കൊച്ചി ലുലു മാൾ പോലും ആറു ദിവസം പ്രവർത്തിച്ചില്ല. ഏതാണ്ട് 50 കോടിയുടെ വ്യാപാര നഷ്ടമുണ്ടായതായാണു കണക്ക്.



ഗൃഹോപകരണങ്ങളും ഉപഭോക്തൃ, ഇലക്ട്രോണിക് ഉൽപന്നങ്ങളും വിൽക്കുന്ന കടകളിൽ പ്രളയത്തിന്റെ ദിനങ്ങളിൽ ആരുമെത്തിയില്ല. ജില്ലയിലെ ചില വ്യാപാരശാലകളുടെയെങ്കിലും പ്രവർത്തനം പൂർണമായും തടസ്സപ്പെട്ടു. കോടികളുടെ വ്യാപാര സ്തംഭനമാണ് ഇതുമൂലം സംഭവിച്ചത്.

വാഹന വിൽപന ഷോറൂമുകളും പ്രളയത്തിന്റെ പ്രയാസങ്ങളറിഞ്ഞു. അവയും ഇപ്പോൾ പ്രതീക്ഷ വീണ്ടെടുത്തിട്ടുണ്ട്.

വസ്ത്ര വ്യാപാരശാലകൾക്കു വലിയ തോതിലുള്ള ബിസിനസ് നഷ്ടത്തിനു പുറമെ അവസര നഷ്ടവുമുണ്ടായി. ഓണക്കാലത്തു മാത്രം പൊതുവേ ഏറെ വിൽപനയുള്ള തുണിത്തരങ്ങൾക്കാണ് ഇത്തവണ ആവശ്യക്കാരില്ലാതെപോയത്.

ഹോട്ടൽ, ടൂറിസം വ്യവസായങ്ങൾക്കു കനത്ത തിരിച്ചടിയാണുണ്ടായത്. ഫ്ലൈറ്റുകൾ റദ്ദാക്കപ്പെട്ടതോടെ ഹോട്ടലുകൾ ഏതാണ്ടു നിർജീവമായി. പാക്കേജ് ടൂറുകൾ ഓഫർ ചെയ്യുന്ന ട്രാവൽ ഏജൻസികൾക്കെല്ലാം വിശ്രമകാലമാണു കടന്നുപോയത്. മൂന്നാറിലേക്കു ദിവസം 500 – 600 ടൂറിസ്റ്റ് വാഹനങ്ങൾ കൊച്ചിയിൽനിന്നു യാത്രയാകുമായിരുന്ന സ്ഥാനത്ത് ഒരു വാഹനം പോലും പോകാത്ത സ്ഥിതിയുണ്ടായി.

ജില്ലയിലെ വ്യവസായ രംഗത്തു പ്രവർത്തിക്കുന്ന വൻകിട ഉൽപാദന ശാലകൾക്കൊന്നും കാര്യമായ നഷ്ടമുണ്ടായതായി റിപ്പോർട്ടില്ല. ബിപിസിഎൽ കൊച്ചി റിഫൈനറിക്ക് ഉൽപാദന നഷ്ടമുണ്ടായില്ലെങ്കിലും അസംസ്കൃത എണ്ണ ലഭിക്കാൻ താമസം നേരിട്ടു. എന്നാൽ പത്തു ദിവസത്തെ ഉൽപാദനത്തിന് ആവശ്യമായ ക്രൂഡ് ഓയിൽ സ്റ്റോക്ക് ഉണ്ടായിരുന്നതിനാലാണ് ഉൽപാദനം തടസ്സപ്പെടാതിരുന്നത്. റിഫൈനറി ഉൽപാദന ശേഷി 100 ശതമാനവും നിലനിർത്തി.

വൻകിട വ്യവസായങ്ങളുടെ സ്ഥിതിയായിരുന്നില്ല ചെറുകിട, ഇടത്തരം (എംഎസ്എംഇ) വ്യവസായ സംരംഭങ്ങളുടേത്. പല യൂണിറ്റുകളും പുനരുജ്ജീവിപ്പിക്കാനാവാത്തത്ര മോശമായ സ്ഥിതിയിലായി. ഇത്തരം സംരംഭങ്ങളിൽ ഗണ്യമായ പങ്കും ബാങ്ക് വായ്പകളുടെയും മറ്റും പിന്തുണയിൽ മാത്രം നിലനിൽക്കുന്നവയായിരുന്നു. ഇനി വായ്പയുടെ തിരിച്ചടവിനുപോലും വഴിയില്ലാത്ത അവസ്ഥ.

## • പൂവിൽപനക്കാർ പോലും വന്നില്ല

ഉത്രം മുതൽ ഉത്രാടം വരെയുള്ള നാളുകളിൽ കൊച്ചി നഗരത്തിലെ പല തെരുവോരങ്ങളിലും വർണപ്പൂക്കളുടെ നീണ്ട നിരകൾ കാണാമായിരുന്നു. എന്നാൽ ഇക്കുറി പൂക്കൾ എത്തിയില്ല. വീടുകളിലും ഓഫിസുകളിലുമൊന്നും പൂക്കളങ്ങൾ വിടർന്നില്ല. പൂക്കള മത്സരങ്ങൾക്കും അവസരമില്ലായിരുന്നു. കാര്യം നിസ്സാരമെന്നു തോന്നുമെങ്കിലും പൂവിപണിക്കു നഷ്ടമായത് 10 കോടിയിലേറെ രൂപയാണെന്നു ബന്ധപ്പെട്ടവർ പറയുന്നു.

ഓഫിസുകളിലും മറ്റും ഓണസ്സദ്യ മുടങ്ങിയതു മൂലം കേറ്ററിങ് രംഗത്തു പ്രവർത്തിക്കുന്ന അനേകം ഏജൻസികൾക്കു വലിയൊരവസരമാണു നഷ്ടമായത്. വിവാഹ സൽക്കാരങ്ങളും മറ്റും റദ്ദാക്കപ്പെട്ട വകയിൽ വലിയ ഏജൻസികൾക്കും കനത്ത അവസരനഷ്ടമുണ്ടായി.

## നികുതി വരുമാനം; വൻ ഇടിവ്



സംസ്ഥാനത്തുനിന്ന് ഏറ്റവും കൂടുതൽ വാണിജ്യ നികുതി സർക്കാരിലേക്കു നൽകുന്ന ജില്ലയാണ് എറണാകുളം. വ്യവസായ, വാണിജ്യ മേഖലകൾക്കു നേരിട്ട പ്രതിസന്ധി മൂലം ജില്ലയിൽനിന്നുള്ള ഈ വർഷത്തെ നികുതിയടവിൽ 50 കോടി രൂപയുടെയെങ്കിലും കുറവുണ്ടാകുമെന്ന അനുമാനമാണു പുറത്തു വന്നിരിക്കുന്നത്.